## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം

305 (678) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഓരോ വർഷത്തിലും നൽകിവരുന്ന സാമ്പത്തിക ധനസഹായങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഐ.റ്റി. പഠനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പ്രീമെട്രിക്തലം മുതൽ സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ്, ഇൻസന്റീവ് ഗ്രാന്റ്, ഭക്ഷണ താമസ ചെലവുകൾ, പോക്കറ്റ് മണി തുടങ്ങി വിവിധങ്ങളായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ എസ്.എസ്.എൽ.സി., +2, ബിരുദം, ബിരുദാനന്തര ബിരുദം, വിവിധ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ മികച്ച വിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമെന്ന നിലയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി മെറിറ്റ് അവാർഡ് നൽകിവരുന്നു. വിവിധ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) വിവിധ സ്ഥാപനങ്ങളിൽ ഐ.റ്റി. കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. ജില്ലാതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകൃത സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗക്കാർക്കായി ഐ.റ്റി. രംഗത്ത് പ്രാഗത്ഭ്യം നേടുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly